"നഗരപ്രദേശങ്ങളിലെ കാർഷികവൃത്തി"

59 [3403] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരപ്രദേശങ്ങളിലുള്ളവരെ കാർഷികാഭിമുഖ്യമുള്ളവരാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-2003 മുതൽ കൃഷി വകുപ്പ് നടപ്പാക്കി വരുന്നതായ "നഗരത്തിൽ ഒരു നാട്ടിൻ പുറം" എന്ന പദ്ധതിയിൽ അലങ്കാര മത്സ്യകൃഷി, പച്ചക്കറി ഉൽപ്പാദനം, പിന്നാമ്പുറം തോട്ടത്തിലെ പച്ചക്കറി കൃഷി മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ കൃഷിക്കുള്ള പദ്ധതി വിഹിതം താഴെ പറയുന്ന പരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു.

(1) നടീൽ വസ്തുക്കളുടെ വിതരണം.

(2) മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക.

(3) 10 പോളി ഹൗസ് യൂണിറ്റുകൾ സ്ഥാപിക്കുക

(4) ബോധവൽക്കരണവും പ്രചരണവും.

റസിഡൻസ് അസോസിയേഷനുകളും, സ്ത്രീകളുടെ അയൽക്കൂട്ടങ്ങളുമായി സഹകരിച്ച് മറ്റു കോർപ്പറേഷനുകളിൽ കൂടി 2005-2006 കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി അടുത്ത സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വിള ഇൻഷ്വറൻസ്—മാനദണ്ഡങ്ങൾ

60 [3405] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് നടുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാർ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly